സമയത്ത് ഉത്തരവ് നല്കാതെ പോയ കേസ്സുകളുണ്ട്. ഉടൻതന്നെ അക്കാര്യത്തിൽ വേണ്ട നടപടി സ്വീകരിക്കുന്നുണ്ട്.

മി. സ്പീക്കർ : യേസ്, ചോദ്യം 208, ശ്രീ. സി.ടി. അഹമ്മദ് അലി, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി.

2 (*208) ലോട്ടറി നിരോധനം

ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. സി. മൊയീൻ കുട്ടി :
ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. പി.കെ.കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറികൾ നിരോധിക്കുന്നതിനായി കേന്ദ്ര സർക്കാർ തീരുമാനം എടുത്തതായി സർക്കാരിന് വിവരം ലഭിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ ലോട്ടറി നിരോധിക്കുന്നതിന് സർക്കാരിന് ഉദ്ദേശ്യമുണ്ടോ;

(സി) ലോട്ടറിയിലൂടെ 1997-98, 1998-99 എന്നീ വർഷങ്ങളിൽ സംസ്ഥാന സർക്കാരിന് എത്രകോടി രൂപ ലാഭം ലഭിച്ചിട്ടുണ്ട്;

(ഡി) ലോട്ടറി നിരോധിക്കേണ്ടിവരുന്ന സാഹചര്യത്തിൽ ഈ മേഖലയിൽ തൊഴിൽ നഷ്ടപ്പെടുന്ന തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ,

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) 1997-98-ൽ 12,25,01,120 രൂപ, 1998-1999-ൽ 15,53,32,001 രൂപ.

(ഡി) സംസ്ഥാന ലോട്ടറി നിരോധിക്കാൻ ഉദ്ദേശിക്കുന്നില്ല.

ശ്രീ. സി.ടി. അഹമ്മദ് അലി : സർ, സംസ്ഥാനത്ത് ഒറ്റ നമ്പർ ലോട്ടറി ടിക്കറ്റ് വ്യാപകമായി വിറ്റഴിച്ചു എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ശ്രീ. ടി. ശിവദാസമേനോൻ : സർ, ഒറ്റ നമ്പർ ലോട്ടറികൾ നടത്തുന്നത് കുറേ വർഷങ്ങളായി ഇവിടെ നടന്നുവരുന്നതാണ്. ഇപ്പോഴും ഉണ്ട്, അത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിടത്തൊക്കെ കേസ് എടുത്തിട്ടുണ്ട്, നിരോധിച്ചിട്ടുണ്ട്.

ശ്രീ. സി.ടി. അഹമ്മദ് അലി : സർ, സർക്കാരിന്റെ അനുവാദം ഇല്ലാത്ത ചെറിയ ചെറിയ ലോട്ടറി ടിക്കറ്റുകളും കൂടാതെ വ്യാജ ലോട്ടറി ടിക്കറ്റുകളും വ്യാപകമായി സംസ്ഥാനത്ത് പ്രചാരത്തിലുണ്ട്. ഇതു സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നും, ആരുടെ പേരിലെല്ലാം കേസ്സ് എടുത്തിട്ടുണ്ട് എന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. ശിവദാസമേനോൻ : സർ, ഈ വ്യാജ ലോട്ടറികളെ സംബന്ധിച്ച് വ്യക്തമായ ആരോപണം കിട്ടിയാൽ നടപടി എടുക്കും. അല്ലെങ്കിൽ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരണം. ഇപ്പോഴത്തെ ലോട്ടറി നിരോധിക്കാൻ സംസ്ഥാന ഗവൺമെന്റിന് അധികാരമില്ല. സുപ്രീം കോടതി വിധിപ്രകാരം അന്യസംസ്ഥാനത്തെ ലോട്ടറികൾ ഇവിടെ നിരോധിക്കാൻ പാടില്ല. കേരളത്തിൽ ലോട്ടറി നടക്കാൻ പാടില്ല, ലോട്ടറി ഫ്രീ സ്റ്റേറ്റാണെങ്കിൽ ലോട്ടറി നിരോധിക്കാം. അല്ലെങ്കിൽ ഇന്ത്യയിലെ ഏത് ലോട്ടറിയും ഇവിടെ നിരോധിക്കാൻ പാടില്ല എന്ന് സുപ്രീം കോടതി വിധിയുണ്ട്. അത് 7-7-1998-ലെ വിധിയാണ്. സർക്കാർ ഒരു ലോട്ടറിക്കും സമ്മതം കൊടുക്കില്ല, അതാണ് സർക്കാരിന്റെ നയം. ഗവൺമെന്റ് നടത്തുന്ന ലോട്ടറി ഒഴിച്ച് ഒരു ലോട്ടറിക്കും സർക്കാർ സമ്മതം കൊടുത്തിട്ടില്ല, കൊടുക്കുകയുമില്ല. അത് സർക്കാരിന്റെ നയമാണ്. അങ്ങനത്തെ വല്ലതും ശ്രദ്ധയിൽപ്പെട്ടാൽ നടപടി എടുക്കുകയും ചെയ്യും.

ശ്രീ. കെ.പി.എ. മജീദ് : സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരത്തിൽ നിന്ന് മനസ്സിലാകുന്നത്, ലോട്ടറി കേന്ദ്ര ഗവൺമെന്റ് നിരോധിക്കുകയും, സംസ്ഥാന ഗവൺമെന്റ് തുടരുകയും ചെയ്യുന്നു എന്നാണ്. ഇത് കൺകറണ്ട് ലിസ്റ്റിൽ ആയിരിക്കാമെങ്കിലും ആരോഗ്യകരമായ കേന്ദ്ര-സംസ്ഥാന ബന്ധങ്ങളുടെ അടിസ്ഥാനത്തിൽ ഇത്തരം ഒരു തീരുമാനമെടുക്കുന്നതിനു മുമ്പ് സംസ്ഥാന ഗവൺമെന്റുമായി കേന്ദ്രഗവൺമെന്റ് ആലോചിക്കേണ്ടിയിരുന്നില്ലേ; അങ്ങനെ വല്ല ആലോചനയും നടന്നിട്ടുണ്ടെങ്കിൽ അത് വ്യക്തമാക്കുമോ?

ശ്രീ. ടി. ശിവദാസമേനോൻ : സർ, ലോട്ടറി നിരോധിക്കാനുള്ള ബിൽ കേന്ദ്ര ഗവൺമെന്റ് ഉണ്ടാക്കി; അത് സംസ്ഥാന ഗവൺമെന്റുമായി ആലോചിച്ചിട്ടില്ല. ഞാൻ ആഭ്യന്തര മന്ത്രിക്ക് എഴുതി, അദ്ദേഹം നോക്കി " The matter is being looked into". എന്ന സാധാരണ ഒരു മറുപടി തന്നിട്ടുണ്ട്. പക്ഷെ ആ തീരുമാനത്തിനുശേഷം സുപ്രീം കോടതിയുടെ ഡയറക്ഷൻ ഉണ്ടായി. അതിനുശേഷം ലോട്ടറീസ് റഗുലേഷൻ ആക്ട് നിലവിൽ വന്നു. ആ ആക്ടിനും സുപ്രീം കോടതി നിർദ്ദേശിച്ച മാനദണ്ഡങ്ങൾക്കും വിധേയമായി ലോട്ടറികൾ ഇപ്പോൾ നടത്താവുന്നതാണ്. അതിലെ 11 മാനദണ്ഡങ്ങൾ ഉണ്ട്. ആ 11 മാനദണ്ഡങ്ങൾക്ക് വിധേയമായി സ്റ്റേറ്റുകൾക്ക് ലോട്ടറി നടത്താം. എക്സിസ്റ്റിംഗ് നിയമം അതാണ്.

ശ്രീ. കെ.പി.എ. മജീദ് : സർ, കേന്ദ്ര ഗവൺമെന്റ് ഇത്തരം ഒരു തീരുമാനമെടുത്തതിന് പറഞ്ഞിട്ടുള്ള കാരണം എന്താണ്; അതിന്റെ പശ്ചാത്തലം എന്താണെന്ന് വ്യക്തമാക്കുമോ?

ശ്രീ. ടി. ശിവദാസമേനോൻ : സർ, ഇതിനുള്ള കാരണം വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ പ്രസ്തുത സംസ്ഥാനങ്ങൾക്കുവേണ്ടി ഭാഗ്യക്കുറി നടത്തുന്നതിന് ഓർഗനൈസർമാരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ഇവിടെ സ്റ്റേറ്റ് ലോട്ടറീസ് ഡിപ്പാർട്ടുമെന്റാണ്. അവിടെ ലോട്ടറി നടത്താൻ വേണ്ടി ഓർഗനൈസേഴ്സിനെ അധികാരപ്പെടുത്തിയിരിക്കുകയാണ്. ഇത് വ്യാപകമായ വെട്ടിപ്പിനും, കബളിപ്പിക്കലിനും ഇടയാക്കുകയുണ്ടായി. വ്യാപകമായ പ്രതിഷേധം ക്ഷണിച്ചുവരുത്തുകയും ചെയ്തു. ഈ സാഹചര്യത്തിലാണ് സംസ്ഥാനം നേരിട്ട് നടത്തുന്ന ലോട്ടറികൾ ഉൾപ്പെടെയുള്ള ലോട്ടറികൾ നിരോധിക്കാനുള്ള തീരുമാനവുമായി കേന്ദ്ര ഗവൺമെന്റ് മുന്നോട്ടു പോയത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. മൊയീൻകുട്ടി : സർ, ലോട്ടറി നിരോധിക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് എടുത്ത തീരുമാനത്തിന്റെ ഉദ്ദേശശുദ്ധി പരിഗണിച്ചു കൊണ്ട് തുറന്ന മനസ്സോടുകൂടി ഘട്ടം ഘട്ടമായിട്ടെങ്കിലും ലോട്ടറി നിരോധിക്കുന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിച്ചുകൂടേ?

ശ്രീ. ടി. ശിവദാസമേനോൻ : സർ, കേന്ദ്ര ഗവൺമെന്റ് ലോട്ടറികൾ നിരോധിക്കാൻ തീരുമാനിച്ചാലും it will hit by the decision of the supreme court. പക്ഷെ സംസ്ഥാന ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ലോട്ടറി തുടരാനാണ് തീരുമാനം. ഘട്ടം ഘട്ടമായി നിർത്തുന്ന പ്രശ്നമേ ഇല്ല.

ശ്രീ. സി. മൊയീൻകുട്ടി : സർ, വ്യാപാരി സമൂഹമടക്കം ലോട്ടറി നിരോധനം അംഗീകരിക്കപ്പെട്ട ഒരു പശ്ചാത്തലത്തിൽ ഇതിങ്ങനെ പെറ്റു പെരുകുമ്പോൾ തീർച്ചയായും ഇതിന്റെ ഗൗരവം കൂടി കണക്കിലെടുത്ത് പരിപൂർണ്ണമായി അല്ലെങ്കിലും ഘട്ടം ഘട്ടമായിട്ടെങ്കിലും ഇത് നിരോധിക്കുന്ന കാര്യത്തിൽ നിഷേധാത്മകമായ സമീപനം എന്തിനാണ് സർക്കാർ കൈകൊള്ളുന്നതെന്ന് മനസിലാകുന്നില്ല. അതുകൊണ്ട് കുറേക്കൂടി ഗൗരവമായി ഈ വിഷയത്തെ എടുത്ത്, കുടുംബങ്ങളെ വ്യാമോഹിപ്പിച്ച് ചൂഷണം ചെയ്യുന്ന ഈ വ്യവസ്ഥക്കെതിരായി, ഒരു തുറന്ന സമീപനം സ്വീകരിച്ചുകൂടേ?

ശ്രീ. ടി. ശിവദാസമേനോൻ : സർ, ഇത് 3 ദശകങ്ങളായി, 30 വർഷങ്ങളായി കേരളത്തിൽ തുടർന്നുവരുന്നതാണ് കേരള സർക്കാർ നടത്തുന്ന ലോട്ടറികൾ. കേരള സർക്കാർ നടത്തുന്ന ഈ ലോട്ടറികൾ ശ്രീ. പി.കെ. കുഞ്ഞു സാഹിബ് ധനകാര്യ മന്ത്രിയായപ്പോൾ തുടങ്ങിയതാണ്. 30, 31 കൊല്ലമായി. ഈ 30, 31 കൊല്ലത്തിനിടയ്ക്ക് പല മുന്നണികളും മാറി മാറി ഭരണത്തിൽ വന്നു. ആരും അത് തൊടാൻ പോയിട്ടില്ല. എല്ലാവർക്കും ഒരു ധാരണയുണ്ടായിരുന്നു, ഗവൺമെന്റ് ലോട്ടറി നടത്തുന്നതുകൊണ്ട് വേറെ ഒരു ലോട്ടറിക്കും അനുവാദം കൊടുക്കില്ല എന്ന്. ഗവൺമെന്റ് ഡിപ്പാർട്ടുമെന്റ് നടത്തുകയാണ്, അത് നടത്തുക എന്നല്ലാതെ ഘട്ടം ഘട്ടമായി നിർത്തുന്ന പ്രശ്നം ഇതുവരെ ഒരു ഗവൺമെന്റും ആലോചിച്ചിട്ടുണ്ടാവില്ല എന്നാണ് എനിക്ക് തോന്നുന്നത്. ഈ ഗവൺമെന്റ് ഏതായാലും അത് നിരോധിക്കാൻ ഉദ്ദേശിക്കുന്നില്ല, അതിനു കാരണം അദ്ദേഹം ചോദിച്ച ഒരു ചോദ്യമുണ്ട് എന്തിനാ ഇത്രയും നിർബന്ധം പിടിക്കുന്നത് എന്ന്. സർക്കാരിനുള്ള വരുമാനം ഒന്ന്, രണ്ട്, 25,000 ആത റൈസ്ഡ് ഏജന്റുമാരുണ്ട്. രണ്ടു ലക്ഷത്തിലധികം വിൽപ്പനക്കാരുള്ളതിൽ നല്ലൊരു വിഭാഗം ഹാന്റിക്യാപ്ഡാണ്, അവർ ഇതിൽ നിന്ന് കിട്ടുന്ന വരുമാനം കൊണ്ടാണ് ജീവിക്കുന്നത്. അവരുടെ കഞ്ഞിക്കലം പൊട്ടിക്കാൻ പറ്റില്ല, നമ്മുടെ കാശ് കളയാനും കഴിയില്ല എന്നുള്ളതുകൊണ്ടാണ്.

ശ്രീ. പി.കെ.കെ. ബാവ : സർ, ലോട്ടറികൾ മൂന്നു പതിറ്റാണ്ടുകളായി ഇവിടെ നടക്കുന്നു എന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. ഈ കാലയളവിൽ ലോട്ടറിമൂലം എത്ര ആദായം ഗവൺമെന്റിന് ഉണ്ടായിട്ടുണ്ട്, ഇതിനു വേണ്ടി എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്, എന്തൊക്കെ ആവശ്യങ്ങൾക്കുവേണ്ടിയാണ് ഗവൺമെന്റ് പൊതുവായി ഈ തുക വിനിയോഗിക്കുന്നത് എന്നുള്ള കാര്യം വിശദമാക്കുമോ?

ശ്രീ. ടി. ശിവദാസമേനോൻ : സർ, ഇതുവരെയുള്ളതു മുഴുവൻ കണക്കാക്കിയിട്ട് ആകെയുള്ള വരുമാനവും ചെലവു കണക്കുകൂട്ടാൻ പ്രത്യേക നോട്ടീസ് വേണം. പക്ഷെ ഏതാണ്ട് ഒന്നു കമ്പ്യൂട്ട് ചെയ്യാനുള്ള വിവരം തരാം. ഭാഗ്യക്കുറികൾ നാലെണ്ണമാണ് നടത്തുന്നത്. പെരിയാർ, മാവേലി, കൈരളി, സൗഭാഗ്യ. മാവേലി ലോട്ടറി കൊണ്ട് 13.82 ലക്ഷം, പെരിയാർ

ലോട്ടറി കൊണ്ട് 25.65 ലക്ഷം, കൈരളി ലോട്ടറി കൊണ്ട് 102.64 ലക്ഷം, സൗഭാഗ്യലോട്ടറി കൊണ്ട് 73.29 ലക്ഷം. ഇത് സാദാ ഭാഗ്യക്കുറികളാണ്. ബംബർ ഉണ്ട്. മേയ്ദിന ബംബർ, മൺസൂൺ ബംബർ, പഞ്ചമി ബംബർ, സുരഭി, ജയന്തി, ദീപാവലി, പുതുവൽസരം, ശബരി സമ്മർ ഇതുവഴി 1.42 കോടി രൂപ. പിന്നെ സൂപ്പർ ബംബർ അത് 2.95 കോടി രൂപ. ഗ്രാന്റ് ഓണം സൂപ്പർ ബംബർ അത് 6.49 കോടി രൂപ. 30 രൂപയാണ് ടിക്കറ്റിന്, അതിന്റെ സമ്മാനം 75 ലക്ഷവും ഒരു മാരുതി കാറുമാണ് 800 സി.സി. ഈ കോടികളൊക്കെയുണ്ട്. ഇത് ഒരു വർഷം കിട്ടുന്നതാണ്. ഇതുവച്ച് കമ്പ്യൂട്ട് ചെയ്താൽ ആകെയുള്ളത് കിട്ടും.

ശ്രീ. പി.കെ.കെ. ബാവ : സർ, എന്തിനുവേണ്ടി ചെലവഴിക്കുന്നുവെന്ന് പറഞ്ഞിട്ടില്ല. ഈ ലോട്ടറി വിൽപ്പനയുമായി ബന്ധപ്പെട്ട് നമ്മുടെ സംസ്ഥാനത്ത് എത്രപേർ ഉപജീവനം നടത്തുന്നു എന്ന കാര്യവും അതോടൊപ്പം തന്നെ നമ്മുടെ സംസ്ഥാനത്തെ ലോട്ടറി ടിക്കറ്റിനേക്കാൾ കൂടുതൽ മറ്റേതെങ്കിലും സംസ്ഥാനത്തെ ടിക്കറ്റുകൾ നമ്മുടെ സംസ്ഥാനത്ത് വിൽപ്പന നടത്തുന്നുണ്ടോ, തുടങ്ങിയ കാര്യങ്ങൾ ഗവൺമെന്റ് പഠിച്ചിട്ടുണ്ടോ, എന്തെങ്കിലും പരിശോധന നടത്താൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ടി. ശിവദാസമേനോൻ : സർ, ബഹുമാനപ്പെട്ട അംഗം ഈ ലോട്ടറിയുടെ പൈസ എന്തിനുവേണ്ടി ഉപയോഗിക്കുന്നുവെന്ന് ചോദിച്ചു, ചില ലോട്ടറികൾ ഒരു പ്രത്യേകാവശ്യത്തിനുവേണ്ടി തുടങ്ങാറുണ്ടായിരുന്നു. ഇപ്പോൾ ലോട്ടറിയിറക്കുന്നത്, It comes to the consolidated fund of the Government. ഗവൺമെന്റ് ഫണ്ടിലേയ്ക്കു വരുന്നു. അത് നാട്ടിൽ റോഡ്, പാലം എന്നിവ നിർമ്മിക്കുന്നതിനുവേണ്ടി ചെലവഴിക്കുന്നു. ചോദ്യത്തിന്റെ സെക്കന്റ് പോർഷൻ, അന്യസംസ്ഥാനങ്ങളിലെ ലോട്ടറികൾ ധാരാളമുണ്ട്, അത് നിരോധിക്കാൻ ഉദ്ദേശമുണ്ടോ എന്നാണ്. നമ്മുടെ ടിക്കറ്റു വിറ്റതിന്റെ കണക്കേ നമ്മുടെ കൈയിലുള്ളൂ. അന്യസംസ്ഥാനങ്ങളിലെ ടിക്കറ്റ് കുറെ വിൽക്കുന്നുണ്ട്. എനിക്ക് അതിന്റെ നോട്ടീസ് വേണം, ഇവിടെ എന്റെ ഫയലിലില്ല. പക്ഷെ അന്യസംസ്ഥാനങ്ങളിലെ ലോട്ടറി നിരോധിക്കാൻ തീരുമാനിച്ചതാണ്. കേരളം ഒരു ലോട്ടറി ഫ്രീസോൺ ആയാലെ അന്യസംസ്ഥാനങ്ങളിലെ ലോട്ടറി നിരോധിക്കാൻ സാധിക്കുകയുള്ളൂ. അത് സുപ്രീം കോടതി വിധിയാണ്. ഇരുപത്തയ്യായിരത്തോളം രജിസ്റ്റേർഡ് ഏജന്റുമാരും, രണ്ടുലക്ഷത്തിലധികം വിതരണക്കാരും ഇതുമൂലം ഉപജീവനം നടത്തുന്നുണ്ട്.

ശ്രീ. കെ.പി. രാജേന്ദ്രൻ : ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ഇരുപത്തയ്യായിരത്തോളം രജിസ്റ്റേർഡ് ഏജന്റുമാരും രണ്ടര-മൂന്ന് ലക്ഷത്തോളം വിതരണക്കാരും ഇതുമായി ബന്ധപ്പെട്ടു ജീവിക്കുന്നു എന്ന് പറഞ്ഞു. ഇത്രയും തൊഴിലാളികളുള്ള നമ്മുടെ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വരുമാനമുള്ള ഒരു മേഖലയെന്നുകൂടി കണക്കിലെടുത്ത് ഈ തൊഴിലാളികൾക്ക്, ഇതൊരു ജീവിതമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ളവർക്ക്, ഒരു ക്ഷേമനിധിയും പെൻഷനാനുകൂല്യങ്ങളും, തൊഴിലാളി ക്ഷേമനിധിബോർഡ് ഇന്ന് പ്രവർത്തിക്കുന്നതിനേക്കാൾ കൂടുതൽ സഹായം കൊടുക്കുന്ന വിധത്തിൽ, ഫണ്ടുള്ള നിലയ്ക്ക് അതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കുമോ?

ശ്രീ. ടി. ശിവദാസമേനോൻ : അടിയന്തിരമായി സ്വീകരിക്കാൻ കഴിയുകയില്ല. അതിന്റെ നാനാവശങ്ങളും പരിശോധിച്ച് തീരുമാനം എടുക്കാനേ സാധിക്കൂ.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഇരുപത്തയ്യായിരത്തോളം ആളുകൾ ലോട്ടറി മൂലം ഉപജീവനം നടത്തുന്നു എന്ന് അങ്ങു പറഞ്ഞു. ഈ ലോട്ടറി ഏജൻസിന് കമ്മിഷൻ കൊടുക്കുന്ന കാര്യത്തിൽ ഈ ലോട്ടറി ഡയറക്ടറേറ്റിനെക്കുറിച്ച് നിരവധി പരാതികൾ ഈ സഭയ്ക്ക് അകത്തും പുറത്തും വന്നിട്ടുണ്ട്. കൽക്കട്ട, ബോംബെ തുടങ്ങിയ സ്ഥലങ്ങളിൽ ചില കുടുംബങ്ങൾക്കു തന്നെ പതിവായി ലോട്ടറി കിട്ടുന്ന കേസ്സുകൾ സഭയ്ക്ക് അകത്തും പുറത്തും ഉന്നയിച്ചിട്ടുള്ളതാണ്. അതുകൊണ്ട് ചില ഏജന്റുമാർക്ക് കമ്മിഷൻ കിട്ടത്തക്ക വിധത്തിലുള്ള ഏർപ്പാടുകൾ ഡയറക്ടറേറ്റ് കാര്യമായി ചെയ്യുന്നുവെന്നും ലക്ഷങ്ങൾ അനധികൃതമായി ഈ ഏജന്റുമാർക്ക് നല്കിയെന്നും, പ്രധാനമായി ലക്ഷങ്ങൾ നല്കിയത് ആറ് ഏജന്റുമാർക്ക് ആണെന്നും 1997-98-ലെ സി.എ.ജി. റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. ഇത്രയും ആക്ഷേപങ്ങളും ആരോപണങ്ങളും, ഈ ഡയറക്ടറേറ്റിനെക്കുറിച്ച് സഭയ്ക്കകത്തും പുറത്തും വന്ന സ്ഥിതിക്ക് അതിനെക്കുറിച്ച് അന്വേഷിക്കാനും ഒരു റിപ്പോർട്ട് ഉണ്ടാക്കാനും ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ടി. ശിവദാസമേനോൻ : സർ, ലോട്ടറി ഡിപ്പാർട്ടുമെന്റിൽ നടക്കുന്നു എന്നു പറയപ്പെടുന്ന അഴിമതിയെക്കുറിച്ച് പല അലിഗേഷൻസ് വന്നിട്ടുണ്ട്. സബ്ജക്ട് കമ്മിറ്റിയിലും പത്രങ്ങളിലും വന്നിട്ടുണ്ട്. അതിനെക്കുറിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്, (തിരുവനന്തപുരം) അന്വേഷിച്ച് വിജിലൻസ് റിപ്പോർട്ടും കിട്ടിയിട്ടുണ്ട്. ആ റിപ്പോർട്ടിൽ ഈ ആരോപണങ്ങളൊന്നും മെയിന്റയിനബിളല്ല എന്നാണ് പറഞ്ഞിട്ടുള്ളത്. അതേ സമയത്ത് സ്പെഷ്യൽ കമ്മിഷന്റെ കാര്യത്തിൽ വന്നിട്ടുള്ള വേറൊരു വിഷയമുണ്ട്. ആ വിഷയത്തിൽ ഫിനാൻസ് സെക്രട്ടറി എൻക്വയറി നടത്തും എന്നു പറഞ്ഞു. അദ്ദേഹം ഇൻവെസ്റ്റിഗേറ്റ് ചെയ്തപ്പോൾ ഡയറക്ടർ ഓഫ് ലോട്ടറീസ് തന്ന ചില കണക്കുകളിൽ പിശകുണ്ടെന്നും, തെറ്റാണെന്നും, ഗുരുതരമായ വീഴ്ചയാണെന്നും കണ്ടെത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ നടപടി എടുക്കാതിരിക്കാൻ കാരണം കാണിക്കാനുള്ള മെമ്മോ ലോട്ടറി ഡയറക്ടർക്ക് കൊടുത്തിട്ടുണ്ട്. അദ്ദേഹം ഒരു എക്സ്പ്ലനേഷൻ എഴുതി അറിയിച്ചിട്ടുണ്ട്, ഗവൺമെന്റ് അത് പരിശോധിച്ചുവരികയാണ്. Disciplinary proceedings is under way. ഫിനാൻസ് സെക്രട്ടറിയുടെ അന്വേഷണത്തിൽ കണക്കുകൾ തെറ്റാണെന്നും അവിടത്തെ മെമ്പർമാർ ഉന്നയിച്ച ആ കാര്യങ്ങൾ ശരിയാണെന്നും തെളിഞ്ഞിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് സബ്ജക്ട് കമ്മിറ്റി റെയ്സ് ചെയ്തത്.

ശ്രീ. പി. വിശ്വൻ : സർ, ലോട്ടറി നിരോധിക്കുകയെന്നുള്ള തൊഴിലാളി വിരുദ്ധ നടപടി മറ്റു സ്റ്റേറ്റുകളിൽ എവിടെയൊക്കെയാണ് നടപ്പിലാക്കിയത്; അവിടത്തെ അനുഭവങ്ങൾ എന്തൊക്കെയാണെന്ന് പറയുമോ?

ശ്രീ. ടി. ശിവദാസമേനോൻ : സർ, എവിടെയൊക്കെയാണ് ലോട്ടറി നിരോധിച്ചിട്ടുള്ളതെന്നും, അതിന്റെ അനുഭവങ്ങളെന്താണെന്നും അവിടെയുള്ളവർക്കേ അറിയൂ, എനിക്കറിയില്ല; ഗവൺമെന്റിനെ അറിയിച്ചിട്ടുമില്ല.

ശ്രീ. ജോണി നെല്ലൂർ : ഇവിടെ ബഹുമാന്യനായ മന്ത്രി കോടതി ഉത്തരവിനെക്കുറിച്ചു പറഞ്ഞു; ഇവിടെ വ്യാപാരി-വ്യവസായി സംഘടന 'ഭാഗ്യധാര' എന്നുപറയുന്ന ഒരു ഭാഗ്യക്കുറി നടത്തുകയും അതിന്റെ ടിക്കറ്റു വിൽപ്പന പല പോലീസ് സൂപ്രണ്ടുമാർ തടയുകയും ചെയ്ത സാഹചര്യത്തിൽ അവർ കോടതിയെ സമീപിച്ചു, അവർക്ക് ഭാഗ്യക്കുറി നടത്താൻ അനുവാദവും കൊടുത്തു. ഇക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? മുമ്പ്

അങ്ങ് ഉത്തരം പറഞ്ഞപ്പോൾ കോടതിയുടെ നിരോധനമുള്ളതുകൊണ്ട് മറ്റു ഭാഗ്യക്കുറികൾ ഒന്നും അനുവദിക്കാറില്ല എന്നു പറയുകയുണ്ടായി. ഇക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിന്റെ മേൽ ഗവൺമെന്റ് അപ്പീൽ കൊടുക്കുകയോ മറ്റോ ചെയ്തിട്ടുണ്ടോ?

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : സർ, ചില വ്യാപാരികൾ അവരുടെ ഉൽപ്പന്നങ്ങൾ വിൽക്കുമ്പോൾ അതിന് പ്രൈസ് മണി കൊടുക്കുന്നുണ്ട്. അത് ലോട്ടറിയല്ല, ആ പ്രൈസ് മണിക്ക് ലോട്ടറിയുടെ എല്ലാ സ്വഭാവവുമുണ്ട്. കൂപ്പൺ ആണ്. ആ നിലയ്ക്ക് പോലീസ് കേസ്സ് എടുത്തു. ഒരു കേസ്സ് വിട്ടു പോയി. മറ്റേ കേസ്സ് പെൻഡിംഗിലാണ്. അല്ലാതെ അത് ലോട്ടറിയല്ല. ലോട്ടറി യാണെങ്കിൽ നിരോധിക്കും. ഇപ്പോഴും അത് നടത്തിയാൽ കേസ്സ് എടുക്കും. വിധിയുടെ പകർപ്പൊന്നും ഞാൻ കണ്ടിട്ടില്ല. പക്ഷെ ആ കേസ്സിൽ പ്രോസി ക്യൂഷനിലെ ഫ്ളോകൊണ്ട് കേസ്സ് തോൽക്കാം. അല്ലെങ്കിൽ കോൺസ്റ്റിറ്റ്യൂ ഷണൽ പ്രൊവിഷൻ വല്ലതും ഫിറ്റുചെയ്താൽ കേസ്സ് തോൽക്കാം. അല്ലെ ങ്കിൽ ലോട്ടറിയുമായി ഇകോറ്റ് ചെയ്യാൻ പാടില്ല, ഈ കൂപ്പണിലെ ഇൻസെ ന്റീവ് എന്ന പേരിലും കേസ് കൊടുക്കാം. എങ്ങനെയാണ് വേണ്ടത് എന്നു പരിശോധിച്ച് യുക്തമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> : നമ്മുടെ സംസ്ഥാനത്ത് പല പ്രധാന പ്പെട്ട പ്രോജക്ടുകളും സാമ്പത്തിക പ്രയാസംകൊണ്ട് നടക്കാതെവരുന്നു. ആ സാഹചര്യം കണക്കിലെടുത്ത് വളരെ പ്രധാനപ്പെട്ട, അത്യാവശ്യമായ ചില പ്രോജക്ടുകൾ ഇയർമാർക്ക് ചെയ്തുകൊണ്ട് ലോട്ടറി നടത്തുന്നതിനെക്കു റിച്ച് ആലോചിക്കുമോ; അങ്ങനെ വന്നാൽ കൂടുതൽ കളക്ഷൻ ഉണ്ടാകും. ഒരു പ്രത്യേക പർപ്പസ് എന്നു പറയുമ്പോൾ കൂടുതൽ ജനകീയ അംഗീകാരം കിട്ടാൻ സാദ്ധ്യതയുണ്ട് എന്നതുകൊണ്ട് ആ കാര്യം പരിഗണിക്കുമോ?

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : ഈ നിർദ്ദേശം ക്രിയാത്മകമായ നിർദ്ദേ ശമാണ്. ഗവൺമെന്റ് അത് പരിശോധിക്കാം.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u> : സർ, നമ്മുടെ സംസ്ഥാനത്തെ ലോട്ടറി കളുടെ പ്രവർത്തനം ഇതര സംസ്ഥാനങ്ങൾക്കു തന്നെ, രാജ്യത്തിനുതന്നെ മാതൃകയായിട്ടുള്ള, ഏറെക്കുറെ വിശ്വാസ്യത പുലർത്താൻ കഴിയുന്ന ഒരു പ്രസ്ഥാനമായി മാറിയിട്ടുണ്ട്. അതിന്റെ വിശ്വാസ്യത തകർക്കുന്നതിനുവേണ്ടി യുള്ള ഗൂഢമായ ഒരു നീക്കം നമ്മുടെ സംസ്ഥാനത്തിനകത്ത് വളരെ വ്യാപക മായ തോതിൽ നടക്കുന്നു. ധാരാളം ആക്ഷേപങ്ങളും ആരോപണങ്ങളും ഉന്ന യിച്ച് ജനങ്ങൾക്ക് ഈ പ്രസ്ഥാനത്തിലുള്ള വിശ്വാസ്യതയെ തകർക്കുന്നതിന് വേണ്ടിയുള്ള ഗൂഢമായിട്ടുള്ള നീക്കം നടക്കുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ; അതിനെതിരായി എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നുണ്ടോ?

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : എല്ലാക്കാലത്തും നല്ല കാര്യങ്ങളെ അട്ടിമറിക്കാൻ ഗൂഢാലോചനകൾ നടക്കാറുണ്ട്. എല്ലാക്കാലത്തും അത് ഉണ്ടാ കും. അത് ഇപ്പോഴും ഉണ്ടാകും. പക്ഷേ ആ ഗൂഢാലോചനകൾക്കൊന്നും ഈ നല്ല കാര്യത്തെ അട്ടിമറിക്കാൻ കഴിയുകയില്ല. ചരിത്രം തന്നെ അതിന് സാക്ഷിയാണ്. പൊളിക്കാൻ കഴിഞ്ഞിട്ടുമില്ല.

<u>ശ്രീമതി ശോഭനാ ജോർജ്</u> : അങ്ങ് ഇവിടെ പറഞ്ഞു, ലോട്ടറിയുടെ കാര്യത്തിൽ, പ്രത്യേക ഉദ്ദേശത്തിനുവേണ്ടി ലോട്ടറി നടപ്പിലാക്കുന്നത് ക്രിയാ ത്മകമായ ഒരു നിർദ്ദേശമാണെന്ന്. അങ്ങനെയാണെങ്കിൽ വനിതാ-ശിശുക്ഷേമ

LIBRARY ARCHIVES Kerala Legislative Assembly

ത്തിനുവേണ്ടി ഒരു പ്രത്യേക ലോട്ടറി കൊണ്ടുവന്നാൽ അതിന് മഹിളാ ലോട്ടറി എന്നോ വല്ലതും പേരും കൊടുക്കാം. ഭാഗ്യാന്വേഷികൾ മാത്രമല്ല മനുഷ്യസ്നേഹികളും അതുമായി ബന്ധപ്പെടുകയും കൂടുതൽ ടിക്കറ്റുകൾ വിൽക്കപ്പെടുകയും സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാവുകയും ചെയ്യും. ഈ നിർദ്ദേശം അങ്ങ് പരിഗണിക്കുമോ?

ശ്രീ. ടി. ശിവദാസമേനോൻ : ബഹുമാനപ്പെട്ട തേറമ്പിൽ രാമകൃഷ്ണൻ ചോദിച്ചപ്പോൾ ഞാൻ മറുപടി പറഞ്ഞു. അതേ സമീപനമാണ് വീണ്ടും ചോദിക്കുന്നത്. ക്രിയാത്മകമായ നിർദ്ദേശമാണത്. അത് പരിശോധിക്കുന്നതാണ്.

ശ്രീ. എം.വി. ജയരാജൻ : വ്യാപാരി-വ്യവസായി ഏകോപന സമിതി ലോട്ടറി എന്ന വ്യാജേന സമ്മാന കൂപ്പൺ നൽകിക്കൊണ്ടാണ് ഒരു പരിപാടി കേരളത്തിൽ ആരംഭിച്ചത്. വ്യാപകമായ പ്രതിഷേധത്തിന് ഇടവരുത്തിയിട്ടുള്ള ഒരു സംഗതിയാണത്. വ്യാപാര ഉത്സവം എന്ന പേരാണ് അതിന് കൊടുത്തത്. സ്വകാര്യ ലോട്ടറി നിരോധിക്കുമെന്ന നിലപാട് സ്വീകരിക്കുന്ന ഗവൺമെന്റിൽ ഈ രീതിയിലുള്ള, ഉപഭോക്താക്കളെ വഞ്ചിക്കുന്ന ഈ നടപടി, വ്യാപാര ഉൽസവം എന്ന പേരിൽ ഇവിടെ കൊണ്ടുവന്നിട്ടുള്ള നടപടിയിന്മേൽ കർശനമായ നടപടി സ്വീകരിക്കാൻ സന്നദ്ധമാകുമോ?

ശ്രീ. ടി. ശിവദാസമേനോൻ : ചില വ്യാപാരി സംഘടനകൾ ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ പ്രൈസ് മണി ഇൻസെന്റീവ് എന്ന വ്യാജേന ഡീഫാൾട്ടായിട്ട് ലോട്ടറി നടത്തുന്നുണ്ട്. അതിന് കേസ്സെടുത്തിട്ടുണ്ട്. അങ്ങനെ ചെയ്താൽ കേസ്സെടുക്കും. അങ്ങനെ ചെയ്ത സ്ഥലത്ത് കേസെടുത്തിട്ടുണ്ട്. മലപ്പുറത്ത് ഒരു കേസ്സ് എടുത്തിട്ടുണ്ട്. കണ്ണൂരും ഒരു കേസ് എടുത്തിട്ടുണ്ട്. ഇത് നടത്തിയാൽ കേസെടുക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. പ്രോസിക്യൂട്ട് ചെയ്യും.

3 (*209) കുരുമുളക് കൃഷി

ശ്രീ. കെ. സുധാകരൻ :
ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. വി.ജെ. പൗലോസ് :

ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുരുമുളക് കൃഷി പുഷ്ടിപ്പെടുത്തുന്നതിനായി സമഗ്രമായ ഒരു " ഏഴ് വർഷ പദ്ധതി" നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഈ പദ്ധതിക്ക് കേന്ദ്ര സഹായം ലഭ്യമാണോ;

(സി) ഏതൊക്കെ കുരുമുളക് ഉൽപ്പാദന കേന്ദ്രങ്ങളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നതെന്ന് പറയുമോ;

(ഡി) ഈ പദ്ധതിമൂലം കുരുമുളക് കൃഷിയിൽ ഉണ്ടാകാവുന്ന പുരോഗതി എന്തൊക്കെയായിരിക്കുമെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ,

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly